പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1019

30.01.2019 -ലെ മറുപടിയ്ക്ക്

# പ്ലാന്റേഷൻ മേഖലയുടെ സമഗ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് :<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ഐ.ബി.സതീഷ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) പ്ലാന്റേഷൻ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരവും സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തോട്ടം മേഖലയിലെ സമഗ്ര വികസനത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു<br><br>2) തോട്ടം മേഖലയിൽ നിന്നും കാർഷിക ആദായ നികുതി ഒഴിവാക്കുന്നതിന് തീരുമാനിച്ചു<br><br>3) എസ്റ്റേറ്റുകളിലെ നിലവിലുള്ള ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ആയതിനുള്ള ചട്ടഭേദഗതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>4) റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കികൊണ്ട് ഉത്തരവായി.<br><br>5) നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്) യിൽപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചു.<br><br>6) ഇ.എസ്.ഐ സ്കീം ബാധകമാക്കുന്നതിനുള്ള നിയമഭേദഗതി സംബന്ധിച്ച വിഷയം തൊഴിൽ |

വകുപ്പിന്റെ പരിഗണനയിലാണ്.

7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ/നിയമ വകുപ്പുകളുടെ പരിഗണനയിലാണ്.

8) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചു.

9) ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

ബി) തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

ബി) തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും പുതുക്കി നിശ്ചയിക്കുന്നതിനായി തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാൻറിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്തു വരുന്നു.

സി) ഭവനരഹിതരും ഭൂരഹിതരുമായ പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തമായി വീടും സ്ഥലവും ലഭ്യമാക്കുന്നതിനായി നിലവിൽ പദ്ധതികൾ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

സി) തോട്ടം മേഖലയിലെ തൊഴിലാളികളിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കായി വീട്/അപ്പാർട്ട്മെന്റ് ലൈഫ് പദ്ധതി മുഖേന നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയത് ഭവനം ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരികയുമാണ്.

ഡി) പ്ലാന്റേഷൻ മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക നയം രൂപീകരിക്കാനും ഇതിനായി പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഡി) ഉണ്ട്. തോട്ടം മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റേഷൻ പോളിസി രൂപികരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തോട്ടം മേഖലക്ക് മാത്രമായി ഒരു പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടിയും പരിഗണനയിലാണ്.

Sreelu

**സെക്ഷൻ ഓഫീസർ**